# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി

***ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ.പാലോളി മുഹമ്മദ് കുട്ടിയുടെ അദ്ധ്യക്ഷതയിൽ 04.10.2008-ന് രാവിലെ 9.00 മണിക്ക് സെക്രട്ടേറിയറ്റിൽ വച്ചു കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്:***

## 1. പൊതു വിഷയങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ

1.1 തദ്ദേശഭരണ സ്ഥാപനങ്ങൾ 2008-09 വാർഷിക പദ്ധതിയും രണ്ടാം ഘട്ട പ്രോജക്ടുകളും തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുന്ന പ്രവർത്തനത്തിന്റെ പുരോഗതി യോഗം അവലോകനം ചെയ്തു. 2008 ഒക്ടോബർ 3 വരെ 1068 തദ്ദേശഭരണ സ്ഥാപനങ്ങൾ ടി.എ.ജി.യുടെ പരിശോധനയ്ക്കായി പദ്ധതി സമർപ്പിച്ചിട്ടുള്ളതായും ടി.എ.ജി.കൾ 849 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പരിശോധന പൂർത്തിയാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകിയിട്ടുള്ളതായും യോഗം വിലയിരുത്തി. 702 ഗ്രാമപഞ്ചായത്തുകളുടെയും 79 ബ്ലോക്ക് പഞ്ചായത്തു കളുടെയും 19 മുനിസിപ്പാലിറ്റികളുടെയും പദ്ധതിക്ക് ഇതിനകം അംഗീകാരം ലഭിച്ചിട്ടുണ്ട്.

(i) പദ്ധതി അംഗീകാരത്തെ തുടർന്ന് തദ്ദേശഭരണസ്ഥാപനങ്ങളിലെ വർക്കിംഗ് ഗ്രൂപ്പ് പ്രതിനിധികളെകൂടി പങ്കെടുപ്പിച്ചുകൊണ്ട് ടി.എ.ജി.യോഗം വിളിച്ചു ചേർക്കാവുന്നതാണ്. പ്രോജക്ടുകളുടെ പോരായ്മകളും ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ഈ യോഗത്തിൽ ചർച്ച ചെയ്യാവുന്നതാണ്. വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻ/കൺവീനർ, ഒരംഗം എന്നിവരെ പങ്കെടുപ്പിച്ചാൽ മതിയാകും. തദ്ദേശഭരണസ്ഥാപനാടിസ്ഥാനത്തിൽ പ്രത്യേക സെഷനുകളായി യോഗം സംഘടിപ്പിക്കണം. വിശദമായ നിർദ്ദേശങ്ങൾ സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിക്കുന്നതാണ്.

(ii) പദ്ധതിക്ക് അംഗീകാരം നൽകി കഴിഞ്ഞാൽ 10 ദിവസത്തിനകം നടപടി ഉത്തരവ് (DPC proceedings) നൽകണം. പ്രോജക്ട് പരിശോധനയുടെ ഭാഗമായി ടി.എ.ജി.തലത്തിലും ജില്ലാ ആസൂത്രണ സമിതി തലത്തിലും കണ്ടെത്തിയിട്ടുള്ള ന്യൂനതകൾ നടപടി ഉത്തരവ് നൽകിയതിനു ശേഷം പരിഹരിച്ചാൽ മതിയാകും. പ്രസ്തുത പ്രോജക്ടുകൾ 'അനുമതി നിരസിക്കുന്നവ' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നടപടി ഉത്തരവ് നൽകണം. എസ്.എസ്.എ പ്രോജക്ടിന്റെ കാര്യത്തിൽ ഇപ്പോൾ വകയിരുത്തിട്ടുള്ളത് പ്രകാരം നടപടി ഉത്തരവ് നൽകേണ്ടതും തുടർന്ന് നിശ്ചിത തുക വകയിരുത്തി പദ്ധതി പുനഃക്രമീകരച്ച് സമർപ്പിക്കാൻ നിർദ്ദേശിക്കേണ്ടതുമാണ്. 'അനുമതി നിരസിക്കുന്നവ' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകളുടെ ന്യൂനതകൾ പരിഹരിക്കുമ്പോഴും എസ്.എസ്.എ പ്രോജക്ടിന് നിശ്ചിത തുക വകയിരുത്തുന്നതിന്റെ ഭാഗമായി പദ്ധതി പുനഃക്രമീകരിക്കുമ്പോഴും ചുവടെ ചേർത്തിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

***(A) 'അനുമതി നിരസിക്കുന്നവ" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകളുടെ ന്യൂനതകൾ പരിഹരിക്കൽ***

(a) ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ്/ജില്ലാ ആസൂത്രണ സമിതി കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ച് തദ്ദേശഭരണ സ്ഥാപന തലത്തിൽ ഡാറ്റാ എൻട്രി പൂർത്തിയാക്കി ടി.എ.ജി. മുഖേന ജില്ലാ ആസൂത്രണ സമിതിക്ക് നൽകണം.

(b) ഈ വിഭാഗത്തിൽപ്പെട്ട പ്രോജക്ടുകൾ ഉപേക്ഷിച്ച് പകരം പ്രോജക്ടുകൾ നിർദ്ദേശിക്കാവുന്നതാണ്. എന്നാൽ ഉത്പാദന മേഖല, വനിതാ ഘടക പദ്ധതി, ശിശുക്കൾ വൃദ്ധർ വികലാംഗർ എന്നിവരുടെ പ്രത്യേക പദ്ധതി തുടങ്ങി നിർബന്ധമായും തുക വകയിരുത്തേണ്ട മേഖലയിൽ/പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകളാണെങ്കിൽ ബന്ധപ്പെട്ട മേഖലയിൽ/പദ്ധതിയിൽ തന്നെ പകരം പ്രോജക്ട് നിർദ്ദേശിക്കണം. സേവന മേഖലയിലെ പ്രോജക്ടിന് പകരം സേവന മേഖലയിലോ ഉത്പാദന മേഖലയിലോ പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ പശ്ചാത്തല മേഖലയിലെ പ്രോജക്ടിന് പകരം ഏത് മേഖലയിലും പ്രോജക്ട് നിർദ്ദേശിക്കാവുന്നതാണ്.

(c) 'അനുമതി നിരസിക്കുന്നവ' എന്ന വിഭാഗത്തിൽ ഉൾപ്പെട്ട ഒരു പ്രോജക്ട് ഉപേക്ഷിക്കുകയാണെങ്കിൽ മുൻ ഖണ്ഡികയിൽ വിവരിച്ച മാർഗ്ഗ നിർദ്ദേശത്തിന് അനുസൃതമായി മാത്രം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ അടങ്കൽ തുക വർദ്ധിപ്പിക്കുന്ന തരത്തിൽ വാർഷിക പദ്ധതി ഭേദഗതി ചെയ്യാവുന്നതുമാണ്. എന്നാൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ ഉപേക്ഷിച്ച് പകരം പ്രോജക്ടുകൾ ഏറ്റെടുക്കാനോ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ തമ്മിൽ ഭേദഗതി ചെയ്യാനോ പാടില്ല.

*(B)* ***എസ്.എസ്.എ. പരിപാടിക്ക് നിശ്ചിത തുക വകയിരുത്തൽ***

സേവന, പശ്ചാത്തല മേഖലകളിലെ പ്രോജക്ടുകൾ പുനക്രമീകരിച്ചായിരിക്കണം എസ്.എസ്.എ പ്രോജക്ടിന് നിശ്ചിത തുക കണ്ടെത്തേണ്ടത്. അംഗീകാരം ലഭിച്ച/അംഗീകാരം ലഭിക്കാത്ത പ്രോജക്ടുകൾ ഉപേക്ഷിക്കുകയോ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിഹിതത്തിൽ കുറവു വരുത്തുകയോ ചെയ്യാവുന്നതാണ്. എസ്.എസ്.എ. പ്രോജക്ടിന് വിഹിതം വകയിരുത്താനായി തനത് ഫണ്ടും ഉപയോഗിക്കാവുന്നതാണ്. പദ്ധതി പുനഃക്രമീകരിച്ച് ടി.എ.ജി. മുഖേന ജില്ലാ ആസൂത്രണ സമിതിക്ക് നൽകണം.

സർക്കുലർ പുറപ്പെടുവിക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

*1.2* ടി.എ.ജി. തലത്തിലും ജില്ലാ ആസൂത്രണ സമിതി തലത്തിലും പ്രോജക്ടുകൾ പരിശോധിച്ച് കണ്ടെത്തിയിട്ടുള്ള പോരായ്മകളും മാർച്ച് 31–ന് നിർവഹണം പൂർത്തിയാക്കിയ പ്രോജക്ടുകളുടെ പൂർത്തീകരണ പത്രത്തിലെ ന്യൂനതകളും പരിഹരിക്കേണ്ടതുള്ളതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ട ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമന കാലാവധി രണ്ട് മാസത്തേക്കു കൂടി, പരമാവധി 2008 നവംബർ 30 വരെ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകുന്നു. ഉത്തരവ് പുറപ്പെടുവിക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

1.3 ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിലെ അനൗദ്യോഗിക അംഗങ്ങളുടെ സിറ്റിംഗ് ഫീസ് ഉൾപ്പെടെയുള്ള പ്രവർത്തന ചെലവുകളുടെ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം കുടിശ്ശികയുടെ വിവരങ്ങൾ പൂർണ്ണമായും ലഭിച്ചതിനുശേഷം പരിഗണിക്കുന്നതാണ്.

*(i)* ടി.എ.ജി.യുടെ ചെലവിന്റെയും കുടിശ്ശികയുടെയും വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ ജില്ലാ പ്ലാനിംഗ് ഓഫീസർമാർ മുഖേന കിലയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് തിരുവനന്തപുരം വനശ്രീ ആഡിറ്റോറിയത്തിൽ വച്ച് 2008 ജൂലൈ 29–ന് കൂടിയ ടി.എ.ജി. മെമ്പർ സെക്രട്ടറിമാരുടെ ശില്പശാലയിൽ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഇതുവരെ 66 ടി.എ.ജി.കളിൽ നിന്നു മാത്രമേ വിവരങ്ങൾ ലഭിച്ചിട്ടുള്ളൂ. 2008 ഒക്ടോബർ 20–നകം വിവരങ്ങൾ റിപ്പോർട്ട് ചെയ്യണമെന്ന് സൂചിപ്പിച്ച് ബി.എൽ.ടി.എ.ജി. മെമ്പർ സെക്രട്ടറിമാർക്ക് (ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി) മെമ്മോ നൽകേണ്ടതാണ്. ഒക്ടോബർ 20–നകം വിവരങ്ങൾ അറിയിക്കാത്ത ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കേണ്ടതും ഒക്ടോബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും അഡ്വാൻസ് തുക കുറവു ചെയ്യേണ്ടതുമാണ്.

*(നടപടി: ഗ്രാമവികസന കമ്മീഷണർ)*

(ii) കിലയിൽ നിന്നും സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നും അനുവദിക്കുന്ന ഫണ്ടിന്റെ വിനിയോഗം പ്രത്യേകം മോണിട്ടർ ചെയ്യുന്നതിന് 2009-10 മുതൽ ഒരു ടി.എ.ജി.ക്ക് ഒരു സ്രോതസ്സിൽ നിന്ന് ലഭിക്കുന്ന ഫണ്ട് മാത്രം അനുവദിക്കുന്ന തരത്തിൽ നടപടിക്രമങ്ങൾ നിശ്ചയിക്കണം. ജില്ലാതല ടി.എ.ജി.യുടെ പ്രവർത്തന ചെലവുകൾ പൂർണ്ണമായും സംസ്ഥാന ആസൂത്രണ ബോർഡ് അനുവദിക്കുന്ന ഫണ്ടിൽ നിന്ന് വഹിക്കാവുന്നതാണ്. ബി.എൽ.ടി.എ. ജി.കളുടെ കാര്യത്തിൽ, കിലയിൽ നിന്നും സംസ്ഥാന ആസൂത്രണബോർഡിൽ നിന്നും ഏതൊക്കെ ടി.എ.ജി.കൾക്കാണ് ഫണ്ട് അനുവദിക്കുന്നതെന്ന് നിശ്ചയിച്ച്, ഫണ്ട് അനുവദിക്കുന്ന ഉത്തരവിൽ തന്നെ ഇക്കാര്യം വ്യക്തമാക്കണം. ഓരോ സ്രോതസ്സിൽ നിന്നും ഫണ്ട് അനുവദിക്കേണ്ട ടി.എ.ജി.കൾ ഏതൊക്കയാണെന്ന് കിലയുമായി കൂടിയാലോചിച്ച് നിശ്ചയിക്കു ന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിലെ വികേന്ദ്രീകൃതാസൂത്രണ വിഭാഗത്തെ ചുമതലപ്പെടുത്തുന്നു.

*(നടപടി: ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്)*

1.4 ഗ്രാമീണ വൈദ്യുതീകരണ പദ്ധതി (Rural Electrification Plan) നിർദ്ദേശങ്ങൾ സംബന്ധിച്ച പ്രസെന്റേഷൻ വൈദ്യുതി ബോർഡിന്റെ പ്രതിനിധി അടുത്ത യോഗത്തിൽ നടത്തുന്നതാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ വിഷയം ആ യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

1.5 എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ആശ്രയ പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ചില തദ്ദേശഭരണസ്ഥാപനങ്ങൾ ഇതുവരെയും പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ലെന്ന കാര്യം യോഗത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. നടപ്പു വർഷത്തെ പദ്ധതി അംഗീകാര നടപടികൾ പൂർത്തിയാകാറായ സാഹചര്യത്തിൽ ഈ വർഷം പ്രോജക്ട് ഏറ്റെടുക്കണമെന്ന് നിർദ്ദേശിക്കാൻ കഴിയുകയില്ല. എന്നാൽ പ്രോജക്ടുകൾ ഉപേക്ഷിച്ച് വിഹിതം കണ്ടെത്തി ആശ്രയ പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്. പ്രസ്തുത പ്രോജക്ട് നിർബന്ധമായും അടുത്ത വർഷം ഏറ്റെടുക്കണമെന്ന് നിർദ്ദേശം നൽകുന്നതാണ്. പ്രോജക്ട് ഏറ്റെടുത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ, പൂർത്തിയാക്കിയവ, നടപ്പാക്കി വരുന്നവ, ഇതുവരെയും ഏറ്റെടുക്കാത്തവ എന്നീ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കി 2008 ഒക്ടോബർ 30-നകം ഗവൺമെന്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

*(നടപടി: എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)*

1.6 ബി.എസ്.യു.പി./ഐ.എച്ച്.എസ്.ഡി.പി പരിപാടി നടപ്പിലാക്കുന്ന പ്രദേശങ്ങളിൽ ഭവന നിർമ്മാണത്തിന്റെ യൂണിറ്റ് കോസ്റ്റ് കൂടുതലായതുകാരണം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പരിപാടികളുടെ നടത്തിപ്പിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഈ പ്രദേശങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഭവന നിർമ്മാണ പരിപാടി നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതാണെന്നും അർഹരായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും ബി.എസ്.യു.പി/ ഐ.എച്ച്.എസ്. ഡി.പി. പരിപാടിയുടെ ഭാഗമായി വീട് നിർമ്മിച്ചു നൽകുന്നതാണെ ന്നുമുള്ള നിർദ്ദേശം പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പിന് നൽകണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

1.7 കേരള വാട്ടർ അതോറിട്ടിക്കും കേരള സംസ്ഥാന വൈദ്യുതി ബോർഡിനും നൽകേണ്ട കുടിശ്ശിക അടയ്ക്കുവാൻ പദ്ധതി വിഹിതം (വികസനഫണ്ട്) ഉപയോഗി ക്കുന്നതിന് അനുമതി നൽകുമെന്ന് 2008-09 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് അവതരിപ്പിക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 2007-08 സാമ്പത്തിക വർഷം വിനിയോഗി ക്കാതെ അവശേഷിക്കുന്ന തുകയിൽ നിന്നും കുടിശ്ശിക അടയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് തദ്ദേശസ്വയംഭരണ വകുപ്പ് 2008 മാർച്ചിൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നത്. സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിൽ തുടർ നടപടി ആവശ്യമില്ല.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

1.8 ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾക്ക് മുൻകൂർ പണം അനുവദിക്കേണ്ടതുണ്ടെന്ന് പല ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പാർട്ട് ബില്ലിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസ് പെയ്മെന്റ് നൽകുന്നതിന് ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് സമർപ്പിക്കണം.

(i) ത്രിതല പഞ്ചായത്തുകൾ നടപ്പാക്കുന്ന ആർ.ഐ.ഡി.എഫ് പ്രവൃത്തികളുടെ പാർട്ട് ബില്ല് പ്രകാരം തുക അനുവദിക്കുന്നതിനായി ഗ്രാമവികസന കമ്മീഷണറുടെ പേരിൽ ഒരു പ്രത്യേക ബജറ്റ് ശീർഷകത്തിൽ തുക വകയിരുത്തണം. പാർട്ട് ബിൽ ആകുന്ന മുറയ്ക്ക് പ്രവൃത്തിയുടെ വിശദാംശങ്ങൾ, ബില്ലിന്റെ പകർപ്പ്, തുക അനുവദിക്കുന്നതിനുള്ള ഭരണ സമിതി തീരുമാനം എന്നിവ ഉൾപ്പെടെ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമവികസന കമ്മീഷണർക്ക് നൽകണം. വിശദാംശങ്ങളുടെ സൂക്ഷ്മ പരിശോധനയെ തുടർന്ന് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ ഗ്രാമവികസന കമ്മീഷണർ തദ്ദേശഭരണസ്ഥാപനത്തിന് തുക അനുവദിച്ചു നൽകുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിനും ട്രഷറിയിൽ നിന്നും തുക മാറുന്നതിനും സംസ്ഥാന വിഷ്കൃത പരിപാടികളുടെ ഫണ്ട് (ബി വിഭാഗം ഫണ്ട്) കൈകാര്യം ചെയ്യുന്ന അതേ രീതി അവലംബിക്കാവുന്നതാണ്. ഗ്രാമവികസന കമ്മീഷണർ തദ്ദേശഭരണ സ്ഥാപനത്തിന് നേരിട്ട് അലോട്ട്മെന്റ് നൽകുന്നതാണ്. പാർട്ട് ബില്ല് അനുവദിച്ചു കഴിഞ്ഞാൽ തുടർന്ന് റീ ഇംബേഴ്സ്മെന്റ് ക്ലെയിമിനുള്ള നിർദ്ദേശങ്ങൾ നബാർഡിന് നൽകാവുന്നതാണ്.

*(നടപടി: 1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്*
*2. ഗ്രാമവികസന കമ്മീഷണർ)*

(ii) ധനകാര്യവകുപ്പിന്റെ അംഗീകാരത്തോടെ നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ പാർട്ട് ബില്ല് പ്രകാരം വികസനഫണ്ടിൽ നിന്നും മുൻകൂർ പണം അനുവദിക്കുന്നതിന് അനുമതി നൽകുന്നു. മേഖലാ വകയിരുത്തൽ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തദ്ദേശഭരണസ്ഥാപനത്തിന്റെ തീരുമാനപ്രകാരം തുക വിനിയോഗിക്കാവുന്നതാണ്. 2008-09 വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ പുനക്രമീകരിച്ച് വിഹിതം കണ്ടെത്തി പെയ്മെന്റ് നൽകാവുന്നതും തുടർന്ന് നടപടി ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനായി വിവരങ്ങൾ ജില്ലാ ആസൂത്രണസമിതിക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. പശ്ചാത്തല മേഖലയിലെ ഒരു ആർ.ഐ.ഡി.എഫ്. പ്രവൃത്തിക്കാണ് മുൻകൂർ പണം അനുവദിക്കുന്നതെങ്കിൽ പശ്ചാത്തല മേഖലയിലെ പ്രോജക്ടുകൾ പുനഃക്രമീകരിച്ച് വിഹിതം കണ്ടെത്തണം. സേവന മേഖലയിലെ പ്രവൃത്തിക്ക് സേവന മേഖലയിൽ നിന്നോ പശ്ചാത്തല മേഖലയിൽ നിന്നോ വിഹിതം കണ്ടെത്താവുന്നതാണ്. ഉത്പാദന മേഖലയിലെ പ്രവൃത്തിക്ക് ഏത് മേഖലയിൽ നിന്നും വിഹിതം കണ്ടെത്താവുന്നതാണ്.

നടപടി ഉത്തരവ് ഭേദഗതി ചെയ്യുന്നതിനുവേണ്ടി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന നിർദ്ദേശങ്ങളോടൊപ്പം ഭേദഗതിയുടെ വിവരങ്ങൾ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഡാറ്റാഎൻട്രി ചെയ്തതിന്റെ സി.ഡി. കൂടി സമർപ്പിക്കണം. മുകളിൽ സൂചിപ്പിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഭേദഗതിയുടെ വിവരങ്ങൾ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഡാറ്റാ എൻട്രി ചെയ്യാൻ കഴിയുകയുള്ളൂ. അതായത് 2008-09 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചത് പ്രകാരം ഉത്പാദന മേഖലയ്ക്ക് വകയിരുത്തിയിട്ടുള്ള തുകയിൽ കുറയാനോ പശ്ചാത്തല മേഖലയിൽ വകയിരുത്തിയിട്ടുള്ള തുകയിൽ കൂടാനോ പാടില്ല. "................ആർ.ഐ.ഡി.എഫ്. പ്രവൃത്തിക്ക് മുൻകൂർ പണം അനുവദിച്ചു നൽകൽ" എന്ന് ചെലവിനത്തിന് പേര് നൽകി അനുയോജ്യമായ സൂക്ഷ്മമേഖലാ കോഡ് രേഖപ്പെടുത്തി വാർഷിക പദ്ധതിയുടെ ഭാഗമാക്കണം. ആർ.ഐ.ഡി.എഫ്. പ്രവൃത്തിക്ക് നബാർഡ് അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ, മൊത്തം അടങ്കൽ തുക, നബാർഡ് വിഹിതം, തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം, മുൻവർഷങ്ങളിൽ അനുവദിച്ചു നൽകിയ തുക, നബാർഡ് വിഹിതം ലഭിച്ചിട്ടുണ്ടെങ്കിൽ ആ ഇനത്തിൽ

അനുവദിച്ചു നൽകിയ തുക, ഇപ്പോൾ അനുവദിച്ചു നൽകുന്ന തുക എന്നിങ്ങനെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു സ്റ്റേറ്റ്മെന്റു കൂടി ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് നൽകണം. ജില്ലാ പ്ലാനിംഗ് ഓഫീസർ വാർഷിക പദ്ധതി ഭേദഗതി നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടി ഉത്തരവ് പുതുക്കി നൽകണം.

ഉത്തരവ് പുറപ്പെടുവിക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

1.9 2008 ആഗസ്റ്റ് 13,14 തീയതികളിൽ കിലയിൽ വച്ചു നടന്ന ജില്ലാ ആസൂത്രണസമിതി അംഗങ്ങളുടെ ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് ഡി.പി.സി. പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

(i) ജില്ലാ പ്ലാനിംഗ് ഓഫീസർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, സീനിയർ ടൗൺ പ്ലാനർ/റീജിയണൽ ടൗൺ പ്ലാനർ, ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ എന്നിവർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു മാസത്തിൽ ഏറ്റവും കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും യോഗം ചേർന്ന് പദ്ധതി ആസൂത്രണ, നടത്തിപ്പിന്റെ അവസ്ഥ വിശകലനം ചെയ്യണം. ജില്ലാ ആസൂത്രണസമിതിയിലെ സർക്കാർ നോമിനിയെയും യോഗത്തിൽ പങ്കെടുപ്പിക്കണം. ജില്ലാതലത്തിൽ നടപടി ആവശ്യമുള്ള വിഷയങ്ങളിൽ ബന്ധപ്പെട്ടവർ തുടർ നടപടി സ്വീകരിക്കേണ്ടതും സംസ്ഥാനതലത്തിൽ നടപടി ആവശ്യമുള്ള വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. സംസ്ഥാന തലത്തിൽ നടപടി ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും ഇപ്രകാരം കൂടുന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണ വകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനും റിപ്പോർട്ട് നൽകണം. ജില്ലാ പ്ലാനിംഗ് ഓഫീസർമാരാണ് റിപ്പോർട്ട് അയക്കേണ്ടത്.

(ii) ജില്ലാ ആസൂത്രണ സമിതി യോഗത്തിന് മൂന്ന് ദിവസം മുൻപെങ്കിലും അജണ്ടാ കുറിപ്പുകൾ അംഗങ്ങൾക്കും ക്ഷണിതാക്കൾക്കും എത്തിക്കണം. അജണ്ടാ ഇനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും വിശദീകരണം ആവശ്യമുണ്ടെങ്കിൽ ആവശ്യപ്പെടുന്ന അംഗങ്ങൾക്ക് അവ ലഭ്യമാക്കേണ്ടതാണ്. യോഗ തീരുമാന ങ്ങളടങ്ങുന്ന മിനിട്സ് യോഗം കഴിഞ്ഞ് ഓരാഴ്ചയ്ക്കകം എല്ലാ അംഗങ്ങൾക്കും ക്ഷണിതാക്കൾക്കും നൽകണം.

(i), (ii) തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കുലർ പുറപ്പെടുവിക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

(iii) ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾക്ക് യാത്രാപ്പടി, സിറ്റിംഗ് ഫീസ് എന്നിവ അനുവദിക്കണം. ജില്ലയ്ക്ക് സവിശേഷ പ്രാധാന്യമുള്ള വികസന മേഖലകളെ സംബന്ധിച്ച് ഡി.പി.സി.യുടെ നേതൃത്വത്തിൽ പഠനങ്ങളും ശിൽപശാലകളും നടത്തേണ്ടതുണ്ട്. അതുപോലെ ജില്ലാതല ആസൂത്രണത്തിന് സഹായമാകുന്ന തരത്തിൽ ജില്ലയിലുള്ള സ്ഥാപനങ്ങളെയും അവയുടെ പ്രവർത്തന മേഖല, വൈദഗ്ദ്ധ്യം എന്നിവയെയും സംബന്ധിച്ച ഒരു വിവരശേഖരം തയ്യാറാക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ യാത്രപ്പടി, സിറ്റിംഗ് ഫീസ് എന്നിവ നൽകുന്നതിനും പഠനങ്ങൾ, സർവെകൾ എന്നിവ ഉൾപ്പെടെ ഡി.പി.സി.യുടെ നേതൃത്വത്തിൽ നടക്കുന്ന മറ്റ് പ്രവർത്തനങ്ങൾക്കുമായി ഫണ്ട് ലഭ്യമാക്കണം. ഫണ്ട് അനുവദിക്കൽ, അവയുടെ വിനിയോഗ നടപടിക്രമങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ തയ്യാറാക്കി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.

*(നടപടി: സ്റ്റേറ്റ് പോർഫോർമൻസ് ഓഡിറ്റ് ഓഫീസർ)*

1.10 തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കു വാൻ ചില ഏജൻസികൾക്ക് അക്രഡിറ്റേഷൻ നൽകികൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ഏജൻസിയുടെ പ്രവർത്തന/വൈദഗ്ദ്ധ്യ മേഖല സൂചിപ്പിക്കാതെ പൊതുമരാമത്ത് പ്രവൃത്തികൾ എന്ന് പൊതുവായി രേഖപ്പെടുത്തിയിട്ടുള്ളത് കാരണം എല്ലാ പ്രവൃത്തികളും ഇത്തരം ഏജൻസികളെ ഏൽപ്പിച്ചു വരുന്നുണ്ട്. നിർമ്മിതി

കേന്ദ്രം, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തുടങ്ങിയ ഏജൻസികൾ ചെലവു കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിൽ പ്രാവീണ്യമുള്ള ഏജൻസികളാണെങ്കിലും ചെലവു കുറഞ്ഞതെന്നോ അല്ലാത്തതെന്നോ ഉള്ള വേർതിരിവില്ലാതെ എല്ലാതരം പ്രവൃത്തികളും ഈ ഏജൻസികളെ ഏൽപ്പിക്കുന്നുണ്ട്. അതുപോലെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കാർഷിക ഉപകരണങ്ങളുടെ നിർമ്മാണ, വിപണനത്തിനായി പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനമാണ്. എന്നാൽ പ്രസ്തുത സ്ഥാപനത്തെ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് പ്രാബല്യത്തിലുണ്ട്. ആയതിനാൽ വിവിധ ഏജൻസികൾക്ക് അക്രഡിറ്റേഷൻ നൽകികൊണ്ട് 1998 മുതൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പരിശോധിച്ച് ഓരോ ഏജൻസിയുടെയും പ്രവർത്തന/വൈദഗ്ദ്ധ്യ മേഖലയുടെ അടിസ്ഥാനത്തിൽ ആ ഏജൻസിയെ ഏൽപ്പിക്കാവുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് നിശ്ചയിച്ച് പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കണം. ഈ വിഷയം പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ അക്രഡിറ്റേഷൻ നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു. 2008 ഒക്ടോബർ 25-നകം റിപ്പോർട്ട് നൽകണം.

*(നടപടി:1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്*
*2. ഗ്രാമവികസന കമ്മീഷണർ)*

1.11 പൊക്കാളി, കൈപ്പാട്, കോൾ, കരിനിലങ്ങൾ എന്നിവിടങ്ങളിലെ കൃഷിക്ക് ബാധകമാക്കാവുന്ന സബ്സിഡി മാനദണ്ഡങ്ങൾ പഠിച്ച് ശുപാർശ സമർപ്പിക്കുവാൻ സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ശ്രീ.പി.വി.ഉണ്ണികൃഷ്ണൻ ചെയർമാനും, ശ്രീ.എൻ.കെ.ശശിധരൻപിള്ള (ഗ്രൂപ്പ് ലീഡർ, പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ്, സുനാമി എമർജൻസി അസിസ്റ്റൻസ് പ്രോജക്ട്), നാലോ അഞ്ചോ വിദഗ്ദ്ധർ എന്നിവർ അംഗങ്ങളുമായ സമിതിയെ ചുമതലപ്പെടുത്തുന്നു.

ഉത്തരവ് പുറപ്പെടുവിക്കണം.

*(നടപടി: ( പിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

1.12 ഡിസംബർ 24-ന് ആചരിക്കുന്ന ദേശീയ ഉപഭോക്തൃ ദിനത്തിലും (National Consumer Day) മാർച്ച് 15-ന് ആചരിക്കുന്ന ലോക ഉപഭോക്തൃ സംരക്ഷണ ദിനത്തിലും (World Consumer Rights Day) ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് ഗ്രാമീണ ജനതയെ ബോധവാൻമാരാക്കുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുന്നതിനുമായി നിർബന്ധമായും ഗ്രാമസഭകൾ കൂടണമെന്ന് കൺസ്യൂമർ അഫയേഴ്സ്, ഫുഡ് & പബ്ലിക് ഡിസ്ട്രിബ്യൂഷനു വേണ്ടിയുള്ള പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഒറ്റ ദിവസം കൊണ്ട് എല്ലാ ഗ്രാമസഭകളും വിളിച്ചു ചേർക്കുക എന്നത് പ്രായോഗികമല്ല. ഗ്രാമസഭകളിൽ പ്രസിഡന്റ്/വൈസ് പ്രസിഡന്റ് പങ്കെടുക്കേണ്ടതുണ്ട്. മാത്രമല്ല സംഘാടനത്തിലും ബുദ്ധിമുട്ടുണ്ട്. ഒരു കലണ്ടർ വർഷാവസാനം കഴിയുമെങ്കിൽ ഡിസംബർ മാസത്തിൽ ചേരുന്ന ഗ്രാമ/വാർഡ് സഭകളിൽ ഭക്ഷ്യ മായം ചേർക്കൽ തടയൽ നിയമം, ഉപഭോക്താക്കളുടെ അവകാശങ്ങൾ തുടങ്ങി ഉപഭോക്തൃ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ നിർബന്ധമായും അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശം നൽകണം.

സർക്കുലർ പുറപ്പെടുവിക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

## 2. പ്രത്യേക വിഷയങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ

### 2.1 കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാത്രമേ നടപ്പാക്കാൻ പാടുള്ളൂവെന്ന് വിശദീകരണം നൽകണം. പ്രസ്തുത പ്രോജക്ടുകളുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50

ശതമാനത്തിൽ അധികവും പട്ടികജാതി/പട്ടികവർഗ്ഗക്കാർ ആയിരിക്കണം. മാത്രമല്ല ഏറ്റവും കുറഞ്ഞത് അഞ്ച് കുടുംബങ്ങളെങ്കിലും ഉണ്ടായിരിക്കണം.

ഒറ്റപ്പെട്ട വീടുകളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുവാൻ നിലവിലുള്ള വൈദ്യുതി ലൈനിൽ നിന്നും ലൈൻ ദീർഘിപ്പിക്കുന്നതിന് വേണ്ടി വരുന്ന വിഹിതം വ്യക്തിഗത പ്രോജക്ടുകളെന്ന നിലയിൽ പ്രത്യേക ഘടകപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇപ്രകാരം പ്രോജക്ടുകൾ ഏറ്റെടുക്കുകയാണെങ്കിൽ ഓരോ കുടുംബത്തിനും വേണ്ടി പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

## 2.2 കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

സ്പോർട്സ് ലോട്ടറി ടിക്കറ്റുകളുടെ കുടിശ്ശിക തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഗ്രാന്റിൽ നിന്ന് കുറവ് ചെയ്ത് നൽകണമെന്ന നിർദ്ദേശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.

*(നടപടി:1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്*
*2. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസ്)*

## 2.3 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

(i) എസ്.ജി.ആർ.വൈ.യുടെ മാർഗ്ഗരേഖയനുസരിച്ച് നിയമാനുസൃതം നടത്തിയ പ്രവൃത്തികളുടെയും കോടതിവിധികൾ ഉണ്ടായ പ്രവൃത്തികളുടെയും കാര്യത്തിൽ നൽകാനുള്ള തുക വികസനഫണ്ടിൽനിന്നും അനുവദിക്കുന്നതിനും പ്രസ്തുത തുക മേഖല വിഭജന പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനും 25.09.2008-ലെ 34382/എഫ്.എം.1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം അനുമതി നൽകിയ നടപടിക്ക് സാധൂകരണം നൽകി.

(ii) ആറന്മുള ഉതൃട്ടാതി വള്ളംകളിയിൽ പങ്കെടുക്കുന്ന പള്ളിയോടങ്ങളുടെ അറ്റകുറ്റപ്പണി നടത്തുവാൻ ജില്ലാ പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 2007-08ൽ തുക വിനിയോഗിച്ച നടപടിക്ക് തുടർന്നുള്ള വർഷങ്ങളിൽ ഇപ്രകാരം തുക വിനിയോഗിക്കരുതെന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് 26.03.2008-ന് കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം സാധൂകരണം നൽകിയത്. ആയതിനാൽ നടപ്പു വർഷം തുക വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നില്ല.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

## 2.4 ശുചിത്വ മിഷൻ

(i) ഖരമാലിന്യ പരിപാലന പ്രോജക്ടുകളുടെ സേവന ദാതാക്കളുടെ (Service providers) ചുമതലകളും പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളും നിശ്ചയിക്കണം. മുൻ കാലങ്ങളിൽ അംഗീകാരം നൽകിയിട്ടുള്ള എല്ലാ ഏജൻസികളുടേയും അംഗീകാരം തുടരേണ്ടതുണ്ടോ എന്ന കാര്യം പരിശോധിക്കണം. ഏത് തരം പ്രവൃത്തികളാണ് അല്ലെങ്കിൽ ഏതൊക്കെ പ്രവർത്തനങ്ങളാണ് ഓരോ ഏജൻസിയെയും ഏൽപ്പിക്കാവുന്നത്, ഗുണമേന്മ ഉറപ്പാക്കുന്നതിനുള്ള സംവിധാനം എന്നിവയെ സംബന്ധിക്കുന്ന ശുപാർശകൾ സമർപ്പിക്കണം. മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ചതിനുശേഷം പുതുതായി സേവന ദാതാക്കളെ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.

*(നടപടി: എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ)*

(ii) മാലിന്യ ഉൽപാദന ഉറവിടങ്ങളായ വീടുകൾ, ചന്തകൾ, പൊതു സ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിലെ പ്രോജക്ടുകൾ (സോക്ക് പിറ്റ്, ഗാർബേജ് പിറ്റ്), കമ്പോസ്റ്റിംഗ്, ബയോഗ്യാസ് യൂണിറ്റുകൾ എന്നിവ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് 'മാലിന്യമുക്തം കേരളം' പരിപാടി അംഗീകരിച്ചുകൊണ്ടുള്ള മാർഗ്ഗരേഖയിൽ തന്നെ അനുമതി നൽകിയിട്ടുള്ളതിനാൽ 30.06.208-ലെ തീരുമാനത്തിന്മേൽ [ഇനം.3.26 (ii)] തുടർ നടപടി ആവശ്യമില്ല.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

**2.5 വയനാട് ജില്ലാ പഞ്ചായത്ത്**

2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 'നെൽക്കൃഷി പ്രോത്സാഹന പദ്ധതി' പ്രകാരം കർഷകർക്കുള്ള ആനുകൂല്യം, 2007-08-ൽ പ്രസ്തുത പദ്ധതി നടപ്പാക്കിയ അതേ മാതൃകയിൽ, ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ബാക്ക്-എൻഡ് സബ്സിഡി ആയി അനുവദിക്കുന്നതിന് അനുമതി നൽകുന്നു.

(i) ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളെ അടിസ്ഥാന മാക്കി മാത്രമേ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ പാടുള്ളൂ.

(ii) ആനുകൂല്യം നൽകുന്നത് സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരമായിരിക്കണം.

(iii) ഹാജരാക്കുന്ന ബില്ലുകളുടെ ആധികാരികതയും മാർഗരേഖപ്രകാരം അനുവദനീയമായ ഇനങ്ങൾക്ക് മാത്രമെ സബ്സിഡി അനുവദിക്കുന്നു ള്ളൂവെന്നും ഉറപ്പാക്കേണ്ടതാണ്.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

**2.6 മത്സ്യഫെഡ്**

വിവധ സ്രോതസ്സുകളിൽ നിന്നുള്ള വിഹിതം സമന്വയിപ്പിച്ച് കണ്ണൂർ ജില്ലയിലെ അഴീക്കലിൽ സ്ഥാപിക്കുന്ന വല നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണത്തിന് വിഹിതം നൽകുവാൻ കണ്ണൂർ ജില്ലയിലെ 15 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച വിഷയവും മത്സ്യ മേഖലയിൽ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെ സാങ്കേതിക നിർവഹണ ഏജൻസിയായി മത്സ്യഫെഡിനെ അംഗീകരിക്കണമെന്ന നിർദ്ദേശവും അടുത്ത യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

**2.7 ഫിഷറീസ് വകുപ്പ്**

'മത്സ്യ കേരളം' പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണവും വിഹിതവും നൽകുന്നത് സംബന്ധിച്ച വിഷയം അടുത്ത യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

**2.8 എസ്റ്റേറ്റ് മേഖലയിലെ റോഡുകളുടെ മെയിന്റനൻസ്**

എസ്റ്റേറ്റ് ഉടമകളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയിലെ റോഡുകൾ പരിഷ്കരിക്കുന്നതിന് അനുമതി നൽകാവുന്നതാണ്. റോഡുകൾ സർക്കാരിന്/ഗ്രാമ പഞ്ചായത്തിന് കൈമാറിയതിനു ശേഷം മാത്രമേ ടാറിംഗ്/ അറ്റകുറ്റപ്പണികൾ നടത്താൻ പാടുള്ളൂവെന്ന ഉത്തരവ് മന്ത്രസഭയുടെ അംഗീകാരത്തോടെയാണ് പുറപ്പെടുവിച്ചതെന്നതിനാൽ പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

**2.9 ദേവികുളം ബ്ലോക്ക് പഞ്ചായത്ത്**

മൂന്നാർ, ദേവികുളം ഗ്രാമപഞ്ചായത്തുകളിൽ ഭൂമി ലഭ്യത വളരെ കുറവാണെന്നതും ഈ പ്രദേശങ്ങളിൽ ഭൂമി സംബന്ധമായി ഒട്ടേറെ നിയമപ്രശ്നങ്ങൾ നിലനിൽക്കു ന്നതിനാൽ റവന്യൂ വകുപ്പ് കൈവശരേഖ നൽകുന്നത് നിർത്തി വച്ചിരിക്കു കയാണെന്നതും ഉള്ള വസ്തുതകൾ കണക്കിലെടുത്ത് സമീപ ഗ്രാമ പഞ്ചായത്തു കളായ മറയൂർ, കാന്തല്ലൂർ എന്നിവിടങ്ങളിൽ ഗുണഭോക്താക്കൾ ഭൂമി വാങ്ങുകയാണെങ്കിൽ ചില നിബന്ധനകൾക്ക് വിധേയമായി ഇന്ദിരാ ആവാസ് യോജന പ്രകാരം വീട് നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്നതിന് 30.06.2008-ൽ കൂടിയ CC യോഗം അനുമതി നൽകിയിരുന്നു.

ഭൂമി ലഭ്യതയുടെ കുറവും ഭൂമി സംബന്ധമായ നിയമപ്രശ്നങ്ങളും ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് മുഴുവൻ ഉള്ളതിനാൽ ഭവന നിർമ്മാണ പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയുന്നില്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത്

പ്രദേശത്ത് സ്ഥിര താമസക്കാരായിട്ടുള്ള അർഹരായ കുടുംബങ്ങൾക്ക്, ഇപ്പോൾ താമസിക്കുന്ന ഗ്രാമപഞ്ചായത്തിന് പുറത്ത് ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലെ മറ്റ് ഗ്രാമപഞ്ചായത്തുകളിൽ ഭൂമി സ്വന്തമായി ഉണ്ടായിരിക്കുകയോ ഭൂമി വാങ്ങുകയോ ചെയ്യുകയാണെങ്കിൽ ഐ.എ.വൈ ഭവന പദ്ധതി ഉൾപ്പെടെ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നടപ്പാക്കുന്ന ഭവന പദ്ധതി പ്രകാരം ഭൂമി സ്വന്തമായി ഉള്ള/ഭൂമി വാങ്ങുന്ന ഗ്രാമപഞ്ചായത്തിൽ വീട് വയ്ക്കുന്നതിനുള്ള ധനസഹായം, ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, അനുവദിക്കുന്നതിന് അനുമതി നൽകുന്നു.

(i) ഗുണഭോക്താവിന്റെ കുടുംബം കഴിഞ്ഞ ഏഴ് വർഷമായി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ സ്ഥിര താമസക്കാരായിരിക്കണം.

(ii) ഗുണഭോക്താവ് വികേന്ദ്രീകൃതാസൂത്രണ പദ്ധതി/ഐ.എ.വൈ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം വീട് നിർമ്മാണ ധന സഹായം ലഭിക്കുന്നതിന് അർഹതയുള്ള കുടുംബമായിരിക്കണം.

(iii) ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ധനസഹായം നൽകാൻ പാടുള്ളൂ.

(iv) ഇപ്പോൾ താമസിക്കുന്ന ഗ്രാമപഞ്ചായത്തിന് പുറത്താണ് വീട് അനുവദിക്കുന്നതെങ്കിൽ വീട് അനുവദിക്കുന്ന വിവരം താമസിക്കുന്ന പ്രദേശത്തെ ഗ്രാമപഞ്ചായത്തിനെയും വീട് അനുവദിക്കുന്ന പ്രദേശത്തെ ഗ്രാമപഞ്ചായത്തിനെയും അറിയിക്കണം. ഇപ്പോൾ താമസിക്കുന്ന ഗ്രാമപഞ്ചായത്തിൽ നിന്ന് ധനസഹായം വാങ്ങുന്നില്ലെന്ന് ഉറപ്പാക്കണം.

(v) വീടുകളുടെ നിർമ്മാണത്തിന്റെ മേൽനോട്ട ചുമതല വീട് നിർമ്മിക്കുന്ന ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർക്കായിരിക്കും.

(vi) ഗുണഭോക്താവിന് സ്വീകാര്യമാണെങ്കിൽ മാത്രമേ ഇപ്പോൾ താമസിക്കുന്ന ഗ്രാമപഞ്ചായത്തിന് പുറത്ത് വീട് അനുവദിക്കുവാൻ പാടുള്ളൂ.

ഉത്തരവ് പുറപ്പെടുവിക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

*******

**04.10.2008-ലെ യോഗത്തിൽ പങ്കെടുത്തവർ**

1. ശ്രീ.പാലോളി മുഹമ്മദ്കുട്ടി
   ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
2. ശ്രീ.സി.പി.നാരായണൻ
   മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്
3. ശ്രീ. പി.വി. ഉണ്ണികൃഷ്ണൻ
   മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്
4. ശ്രീ.എസ്.എം.വിജയാനന്ദ്
   പ്രിൻസിപ്പൽ സെക്രട്ടറി
   തദ്ദേശസ്വയംഭരണ വകുപ്പ്
5. പ്രൊഫ.പി.കെ.രവീന്ദ്രൻ
   തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
6. പ്രൊഫ.എം.കെ.പ്രസാദ്
   ചെയർമാൻ ആന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ
   ഇൻഫർമേഷൻ കേരള മിഷൻ
7. ഡോ. വി.എം. ഗോപാലമേനോൻ
   പഞ്ചായത്ത് ഡയറക്ടർ
8. ശ്രീ. കെ.ആർ. മുരളീധരൻ
   ഡയറക്ടർ, നഗരകാര്യവകുപ്പ്
9. ശ്രീ. എൻ. രമാകാന്തൻ
   ഡയറക്ടർ, കില

10. ശ്രീ. എസ്.ഡി.പിള്ള
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
11. ശ്രീ. എസ്. ദിനേഷ്
അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ
ഗ്രാമവികസന വകുപ്പ്
12. ഡോ.അജയകുമാർ വർമ്മ
എക്സിക്യൂട്ടീവ് ഡയറക്ടർ
ശുചിത്വ മിഷൻ
13. ശ്രീമതി.അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
14. ശ്രീ. ആർ. കൃഷ്ണകുമാർ
അഡീഷണൽ സെക്രട്ടറി,
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
15. ശ്രീ.കെ.സുന്ദരൻ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
16. ശ്രീ. പി. കേശവൻ നായർ
മാനേജിംഗ് ഡയറക്ടർ
മത്സ്യഫെഡ്
17. ശ്രീ. കെ.പി. മണി
ജോയിന്റ് ഡയറക്ടർ,
വികേന്ദ്രീകൃതാസൂത്രണ വിഭാഗം
സംസ്ഥാന ആസൂത്രണ ബോർഡ്
18. ശ്രീ.ജെ. സദാനന്ദൻ
ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
19. ശ്രീമതി. എ. ലതിയമ്മ
ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്
20. ശ്രീ. ജി. രാജേന്ദ്രൻ
ഡെപ്യൂട്ടി ഡയറക്ടർ (ഇൻലാൻഡ്)
ഫിഷറീസ് വകുപ്പ്
21. ശ്രീ.എസ്. ജയചന്ദ്രൻ
ഡെപ്യൂട്ടി ഡയറക്ടർ
ഫിഷറീസ് വകുപ്പ്
22. ശ്രീ. പി.ആർ. ശ്രീകുമാർ
അണ്ടർ സെക്രട്ടറി,
പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്
23. ശ്രീ.കെ.പ്രേംകുമാർ
ഡയറക്ടർ (ട്രെയിനിംഗ്)
ഇൻഫർമേഷൻ കേരളമിഷൻ

*************